ജൈവ സമ്പ്രദായം

28(*209) ശ്രീ. കെ. നാരായണകുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡ് 'ജൈവ' സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇതുവഴി ഉപഭോക്താവിനുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(സി) 'ജൈവ' സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഉണ്ട്.

(ബി) വൈദ്യുതി വിതരണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങളുടെ എണ്ണവും സമയദൈർഘ്യവും നിരീക്ഷിക്കുന്നതിനും അവ പരമാവധി കുറച്ചുകൊണ്ടു വരുന്നതിനും 'ജൈവ' സമ്പ്രദായം സഹായകമാണ്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡ് ഉപഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള സബ്സിഡി

29(*210) ശ്രീ. എം. മുരളി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഏതെല്ലാം വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത സബ്സിഡിയുടെ തോത് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സബ്സിഡി നിറുത്തുന്നപക്ഷം വൈദ്യുതി ബോർഡിന് എന്തു തുകയുടെ അധിക വരുമാനമുണ്ടാകുമെന്ന് വെളിപ്പെടുത്താമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഗാർഹിക ഉപഭോക്താക്കൾക്കും വ്യാവസായിക ഉപഭോക്താക്കൾക്കും കാർഷിക ഉപഭോക്താക്കൾക്കും തെരുവ് വിളക്ക്, റയിൽവേ എന്നിവയ്ക്കും വൈദ്യുതി ബോർഡ് വഹിക്കുന്ന ശരാശരി ചെലവിനേക്കാൾ കുറഞ്ഞ (സബ്സിഡൈസ്ഡ്) നിരക്കിലാണ് വൈദ്യുതി നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly